**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5566 — 02.07.2014-ലെ മറുപടിയ്ക്ക്

**ശുചീകരണ ജോലിക്കാരുടെ വേതനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനായുള്ള ശുചീകരണ ജോലികൾക്ക് വിവിധ സർക്കാർ ആശുപത്രികളിൽ നിയമിക്കപ്പെട്ടിട്ടുള്ള താല്കാലിക ശുചീകരണ ജോലിക്കാർക്കുള്ള വേതനം കഴിഞ്ഞ കുറെ മാസങ്ങളായി കുടിശ്ശികയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് മാസങ്ങളായി ഇവരുടെ വേതനം നൽകാത്തതെന്ന് വ്യക്തമാക്കുമോ; | (എ) ബോധ്യപ്പെട്ടിട്ടുണ്ട്. ഫണ്ടുകളുടെ അപര്യാപ്തത കാരണമാണ് വേതനം നൽകുവാൻ സാധിക്കാത്തത്. ഇതിലേയ്ക്ക് ആവശ്യമായ ഫണ്ടുകൾ ലഭിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ആലപ്പുഴ ജില്ലയിൽ ഡബ്ല്യു & സി തുടങ്ങിയ ആശുപത്രികളിൽ മേൽപ്പറഞ്ഞ പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് എത്ര മാസത്തെ വേതനം നൽകാനുണ്ടെന്ന് പറയാമോ; ഇവരുടെ വേതനം കുടിശ്ശിക തീർത്ത് അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) 7 മാസത്തെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്. ശമ്പള കുടിശ്ശിക നൽകുന്നതിനു വേണ്ടി സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ